<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420</u> <u>23-07-2021 - ൽ മറുപടിയ്ക്ക്</u>

<u>മരം മുറി അന്വേഷണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) -ന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ കൂടുതൽ വിശദമായി ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പരിശോധിച്ചുവരുകയാണ്. ആയതിനാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പ്രാഥമിക റിപ്പോർട്ട് മേൽ അന്വേഷണത്തിന്റെ ഭാഗമായി വരുന്നതുകൊണ്ട് ടി അന്വേഷണ സംഘത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | വനം വകുപ്പിന്റെ കണക്കിനേക്കാൾ വളരെ കൂടുതൽ മരങ്ങൾ മുറിച്ചുമാറ്റിയെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണസംഘം ഈ പരാതികളും പരിശോധിച്ചുവരുകയാണ്. |
| (സി) | റവന്യൂ വകുപ്പിന്റെ ട്രീ രജിസ്റ്റർ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (സി) | ട്രീ രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല റവന്യൂ വകുപ്പിനാണ്. |
| (ഡി) | പട്ടയ ഭൂമിയിൽ റിസർവ്വ് ചെയ്ത 12 ഇനവും മരവില അടയ്ക്കേണ്ടാത്ത 62 ഇനവും മരങ്ങളുടെ എണ്ണം ട്രീ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ട്രീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ? | (ഡി) | പട്ടയഭൂമിയിലെ മരങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതും ആയത് നഷ്ടപ്പെട്ടാൽ കണ്ടെത്തുന്ന മാർഗ്ഗങ്ങളും സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ